# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.5688.

5.7.2013-ൽ
മറുപടിയ്ക്ക്

## സ്വയംഭരണത്തിലൂടെ ലഭിക്കുന്ന അധികാരം

ചോദ്യം

ശ്രീ. വി.എസ്.സുനിൽകുമാർ:
ശ്രീമതി.ഗീതാഗോപി :
ശ്രീ.കെ.അജിത് :
ശ്രീ.ചിറ്റയം ഗോപകുമാർ :

സംസ്ഥാനത്ത് കോളേജുകൾക്ക് സ്വയംഭരണം ലഭിക്കുന്നതോടെ എന്തെല്ലാം അധികാരങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

മറുപടി

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

സ്വയംഭരണാവകാശം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അക്കാഡമിക് സ്വയംഭരണം മാത്രമാണ്. പുതിയ കോഴ്സുകൾ തുടങ്ങാനും സിലബസ് രൂപവൽക്കരിക്കാനും പരിഷ്കരിക്കാനും കോളേജുകൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. പരീക്ഷ നടത്തുന്നതും ഉത്തരക്കടലാസുകൾ പരിശോധിക്കുന്നതും കോളേജുകളായിരിക്കും. മാർക്ക് ലിസ്റ്റും പ്രൊവിഷണൽ സർട്ടിഫിക്കറ്റും നൽകാനുള്ള അധികാരമുണ്ടായിരിക്കും. എന്നാൽ ബിരുദ സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ബന്ധപ്പെട്ട സർവ്വകലാശാലയിൽ നിക്ഷിപ്തമായിരിക്കും.

ഓരോ സ്വയംഭരണ കോളേജിനും ഓരോ അക്കാഡമിക് കൗൺസിൽ ഉണ്ടായിരിക്കും. അതിൽ കോളേജിന് പുറത്തുള്ള നാലു വിദഗ്ധരെ ഗവേണിംഗ് ബോഡിക്ക് നോമിനേറ്റ് ചെയ്യാവുന്നതാണ്. ഓരോ കോളേജിനും ഓരോ വകുപ്പുമായി ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസ് ഉണ്ടായിരിക്കുന്നതാണ്. വകുപ്പു തലവന്മാർ അതിന്റെ ചെയർമാന്മാരും അധ്യാപകർ അതിലെ മെമ്പർമാരും ആയിരിക്കും.

സെക്ഷൻ ഓഫീസർ